# തേനീച്ചകളെ തലയിലേറ്റാൻ നേച്ചർ ഇന്ന് വൈഗയിൽ

**വെള്ളാനിക്കര** ▸ ഒരു തേനീച്ചക്കൂട്ടത്തെ മുഴുവൻ 54 മിനിറ്റ് തലയിൽ വഹിച്ച് റെക്കോർഡ് സൃഷ്ടിച്ച എം.എസ്സ്. നേച്ചർ, തന്റെ റെക്കോർഡ് തിരുത്താനൊരുങ്ങുന്നു.

വെള്ളാനിക്കരയിൽ നടക്കുന്ന വൈഗ കാർഷികപ്രദർശനത്തിലെ ഹണി പാർക്കാണ് ഇതിന് വേദിയാകുന്നത്.

31-ന് രാവിലെ ഏഴുമുതൽ വൈകീട്ട് ആറുവരെയാണ് പ്രകടനം.

കർണാടകയിലെ ധാർവാർഡ് കാർഷിക സർവകലാശാലയിൽ മൂന്നാംവർഷ കൃഷിബിരുദ വിദ്യാർഥിയാണ് നേച്ചർ. തേനീച്ചകളുടെ പരിപാലനത്തിലൂടെ പ്രശസ്തനായ എം.എസ്. സജയകുമാറിന്റെ മകനാണ്.

Mathrubhumi 31.12.17